കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി . ടി . വി . മാധവിയെ സ്ഥിരപ്പെടുത്തുന്നത് - ബഹു. കേരള ഹൈക്കോടതിയുടെ WP(C) 19768/14 - ാം നമ്പർ കേസ്സിൻമേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(സാധാ) നം. 1813 /2015/തസ്വഭവ തീയതി,തിരുവനന്തപുരം,17/06/2015**

---

പരാമർശം : (1) 25/11/2005 ലെ സഉ(പി) 501/05/ധന നമ്പർ ഉത്തരവ്

(2) 9/02/2010 ലെ ലെ സഉ(പി) 61/2010/ധന നമ്പർ ഉത്തരവ്

(3) ശ്രീമതി.ടി.വി. മാധവിയുടെ 03/07/2012 ലെ അപേക്ഷ

(4) നടുവിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16/01/1997 ലെ 33/97 ഉം 30/09/2005 ലെ 142/05(1) ഉം നമ്പർ തീരുമാനങ്ങൾ.

(5) പഞ്ചായത്തു ഡയറക്ടറുടെ02/03/2015& 06/06/2015 തീയതികളിലെ ഇ 9-5749/2012 നമ്പർ കത്തുകൾ

(6) WP(C) 19768/14 -ാം നമ്പർ കേസ്സിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 21/08/2014 ലെ ഉത്തരവ്.

## <u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 16/01/1997 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.ടി.വി. മാധവി തന്റെ നിയമന ക്രമവൽക്കരണത്തിനായി ബഹു. ഹൈക്കോടതിയിൽ WP(C) 19768/14-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയും ബഹു.കോടതി 21/08/2014 ലെ വിധിന്യായ പ്രകാരം വിധിന്യായം ലഭിച്ച് 4 മാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ഉത്തരവാകുകയും ചെയ്തിരുന്നു.

തന്റെ നിയമനം ക്രമവത്കരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.ടി.വി. മാധവി പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം 4 പ്രകാരം നടുവിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. 378.66 ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യ ഉള്ള നടുവിൽ ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിലില്ല .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 378.66 ചതുരശ്രമീറ്റർ സ്വീപ്പിംഗ് ഏര്യ ഉള്ള നടുവിൽ ഗ്രാമപഞ്ചായത്തിൽ സ്വീപ്പിംഗ് ഏര്യ അളന്നു തിട്ടപ്പെടുത്തിയ തീയതിയായ 02/12/2011 പ്രാബല്യത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ 16/01/1997 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.ടി.വി. മാധവിയെ തസ്തിക സൃഷ്ടിച്ച തീയതിയായ 02/12/2011 മുതൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു..

WP(C) 19768/14-ാം നമ്പർ അന്യായത്തിൻമേൽ ബഹു. കേരള ഹൈക്കോടതിയുടെ 21/08/2014 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ.ഷാജീന്ദ്രൻപിള്ള**
**ഗവ.ജോയിന്റ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല.
സെക്രട്ടറി, നടുവിൽ ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം ജില്ല.
ശ്രീമതി.ടി.വി. മാധവി,പാർട്ട് ടൈം സ്വീപ്പർ,നടുവിൽഗ്രാമ പഞ്ചായത്ത്,കണ്ണൂർ ജില്ല.
(സെക്രട്ടറി, നടുവിൽ ഗ്രാമ പഞ്ചായത്ത് മുഖേന)
ധനവകുപ്പ്(യു.ഒ നം. 83773 /വ്യയം സി2/15/ധന തീയതി 12/06/2014 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ